**മധുരമായ കുട്ടികളേ - നിങ്ങളുടെ മുഖം സദാ ഹർഷിതമായിരിക്കണം 'ഞങ്ങളെ ഭഗവാനാണ് പഠിപ്പിക്കുന്നത് ' ഈ സന്തോഷം മുഖത്ത് തിളങ്ങിക്കൊണ്ടിരിക്കണം.**

**ചോദ്യം :-** ഇപ്പോൾ നിങ്ങൾ കുട്ടികളുടെ മുഖ്യമായ പുരുഷാർത്ഥം എന്താണ്?
**ഉത്തരം :-** നിങ്ങൾ ശിക്ഷകളിൽ നിന്നും മുക്തമാകാനുള്ള പുരുഷാർത്ഥം തന്നെയാണ് ചെയ്യുന്നത്. അതിന് മുഖ്യം ഓർമ്മയുടെ യാത്രയാണ്, ഇതിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. നിങ്ങൾ സ്നേഹത്തോടെ ഓർമ്മിക്കൂ എങ്കിൽ വളരെയധികം സമ്പാദ്യം ഉണ്ടായിക്കൊണ്ടിരിക്കും. അതിരാവിലെ എഴുന്നേറ്റ് ഓർമ്മയിൽ ഇരിക്കുന്നതിലൂടെ പഴയ ലോകത്തെ മറക്കും. ജ്ഞാനത്തിന്റെ കാര്യങ്ങൾ ബുദ്ധിയിൽ വന്നുകൊണ്ടിരിക്കും. നിങ്ങൾ വായിലൂടെ മോശമായ കാര്യങ്ങളും പറയരുത്.

**ഗീതം :-** അങ്ങയെ നേടിയ ഞങ്ങൾ...

**ഓം ശാന്തി**. ഗീതം കേൾക്കുന്ന സമയത്ത് ചിലർക്ക് അതിന്റെ അർത്ഥം മനസ്സിലാകുന്നു മാത്രമല്ല ആ സന്തോഷവും വർദ്ധിക്കുന്നു. ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു, ഭഗവാൻ നമുക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു. എന്നാൽ ഇത്രയും സന്തോഷം വിരളം പേർക്കേ ഉണ്ടാകുന്നുള്ളൂ. സ്ഥിരമായി ഈ ഓർമ്മ നിലനിൽക്കുന്നില്ല. നമ്മൾ ബാബയുടേതായി മാറി, ബാബ നമ്മെ പഠിപ്പിക്കുകയാണ്. ഈ ലഹരി ഉയരാത്ത ധാരാളം പേരുണ്ട്. മറ്റ് സത്സംഗങ്ങളിൽ കഥകളാണ് കേൾക്കുന്നത് എന്നിട്ടും അവർക്ക് സന്തോഷം ഉണ്ടാകുന്നു. ഇവിടെയാണെങ്കിൽ ബാബ എത്രനല്ല കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. ബാബ പഠിപ്പിക്കുന്നു പിന്നീട് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. അപ്പോൾ വിദ്യാർത്ഥികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. ആ ലൗകിക പഠിപ്പ് പഠിക്കുന്നവർക്ക് പോലും എത്ര സന്തോഷം ഉണ്ടാകും, ഇവിടെയുള്ളവർക്ക് അത്രപോലും സന്തോഷമില്ല. ബുദ്ധിയിൽ ഇരിക്കുന്നില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇങ്ങനെയുള്ള ഗീതങ്ങൾ 4-5 പ്രാവശ്യം കേൾക്കൂ. ബാബയെ മറക്കുന്നതിലൂടെ പഴയ ലോകവും പഴയ സംബന്ധവും ഓർമ്മ വരാൻ തുടങ്ങും. ഇങ്ങനെയുള്ള സമയത്ത് ഗീതം കേൾക്കുന്നതിലൂടെയും ബാബയുടെ ഓർമ്മ വരും. ബാബാ എന്ന് പറയുന്നതിലൂടെ സമ്പത്തും ഓർമ്മവരും. പഠിപ്പിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. നിങ്ങൾ ശിവബാബയിൽ നിന്നും പഠിക്കുന്നത് മുഴുവൻ വിശ്വത്തിന്റേയും അധികാരിയാവാൻ വേണ്ടിയാണ്. ബാക്കി ഇനി എന്താണുവേണ്ടത്. ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ഉള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം! രാവും പകലും ഉറക്കം പോലും പറന്നുപോകണം. പ്രത്യേകിച്ച് ഉറക്കത്തെ ഉപേക്ഷിച്ച് ഇങ്ങനെയുള്ള അച്ഛനേയും ടീച്ചറേയും ഓർമ്മിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ ലഹരിപിടിച്ച് ഇരിക്കണം. ആഹാ, ഞങ്ങൾക്ക് ബാബയിൽ നിന്നും വിശ്വത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നു! പക്ഷേ മായ ഓർമ്മിക്കാൻ അനുവദിക്കുന്നില്ല. മിത്ര സംബന്ധികളുടെ ഓർമ്മ വന്നുകൊണ്ടിരിക്കും. അവരുടെ ചിന്തയായിരിക്കും ഉണ്ടാവുക. പഴയ അഴുകിയ മാലിന്യം വളരെപേർക്ക് ഓർമ്മ വരുന്നു. ബാബ പറയുന്നു, നിങ്ങൾ വിശ്വത്തിന്റെ അധികാരിയാവുന്നു എന്നാൽ ആ ലഹരി ഉയരുന്നില്ല. സ്ക്കൂളിൽ പഠിക്കുന്നവരുടെ മുഖം സദാ സന്തോഷഭരിതമായിരിക്കും. ഇവിടെ ഭഗവാൻ പഠിപ്പിക്കുന്നു, ഈ സന്തോഷം വിരളം ചിലർക്കേയുള്ളൂ. ഇല്ലെങ്കിൽ സന്തോഷം പരിധിയില്ലാത്തതായിരിക്കണം. പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിക്കുന്നു, ഇത് മറന്നുപോകുന്നു. ഇത് ഓർമ്മയുണ്ടെങ്കിൽ തന്നെ സന്തോഷമായിരിക്കും. എന്നാൽ മുമ്പുള്ള കർമ്മകണക്കുകൾ ഇങ്ങനെയുള്ളതാണ് അവ ബാബയെ ഓർമ്മിക്കാൻ അനുവദിക്കുന്നില്ല. മുഖം വീണ്ടും അഴുക്കിനുനേർക്ക് പോകുന്നു. ബാബ എല്ലാവരേയുമല്ല പറയുന്നത്, നമ്പർവൈസാണ്. ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നവർ മഹാ സൗഭാഗ്യശാലികളാണ്. ഭഗവാൻ, ബാബ നമ്മളെ പഠിപ്പിക്കുന്നു! എങ്ങനെയാണോ ആ പഠിപ്പിൽ ഇന്ന ടീച്ചർ നമ്മളെ വക്കീലാക്കി മാറ്റും എന്ന് ഉണ്ടായിരിക്കുന്നത്, അതുപോലെ ഇവിടെ നമ്മളെ ഭഗവാൻ പഠിപ്പിക്കുകയാണ് - ഭഗവാൻ ഭഗവതിയാക്കി മാറ്റുന്നതിനായി അപ്പോൾ എത്ര ലഹരി ഉണ്ടായിരിക്കണം. കേൾക്കുന്ന സമയത്ത് ചിലർക്ക് ലഹരി ഉയരുന്നു. ബാക്കിയുള്ളവർ ഒന്നും മനസ്സിലാക്കുന്നില്ല. ഗുരുവിനെ കിട്ടി, ഗുരു എന്നെ കൂടെക്കൊണ്ടുപോകും ഭഗവാനെ കാണിച്ചുതരും എന്നു കരുതുന്നു. ഇവിടെയാണെങ്കിൽ സ്വയം ഭഗവാനാണ്. സ്വയം തന്നെ കാണിച്ചുതരുന്നു, കൂടെ കൊണ്ടുപോകും. മനുഷ്യർ ഗുരുവിന്റെ അടുത്തേയ്ക്ക് പോകുന്നത് ഭഗവാനെ കാണാൻ അല്ലെങ്കിൽ ശാന്തിധാമത്തിലേയ്ക്ക് കൊണ്ടുപോകും എന്നുകരുതിയാണ്. ഈ ബാബ സന്മുഖത്ത് എത്ര മനസ്സിലാക്കിത്തരുന്നു. നിങ്ങൾ വിദ്യാർത്ഥികളാണ്. പഠിപ്പിക്കുന്ന ടീച്ചറെയെങ്കിലും ഓർമ്മിക്കൂ. തീർത്തും ഓർമ്മിക്കുന്നില്ല, കാര്യം ചോദിക്കുകയേ വേണ്ട. നല്ല-നല്ല കുട്ടികൾ പോലും ഓർമ്മിക്കുന്നില്ല. ശിവബാബ നമ്മളെ പഠിപ്പിക്കുന്നു, ബാബ ജ്ഞാനസാഗരനാണ്, നമുക്ക് സമ്പത്ത് നൽകുന്നു, ഇത് ഓർമ്മയു

ണ്ടെങ്കിൽ പോലും സന്തോഷത്തിന്റെ അതിര് കടക്കും. ബാബ സന്മുഖത്ത് വന്ന് പറയുന്നു എന്നിട്ടും ആ ലഹരി ഉയരുന്നില്ല. ബുദ്ധി മറ്റെവിടേയ്ക്കൊക്കെയോ പോകുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഞാൻ ഗ്യാരന്റി നൽകുന്നു– ഒരു ബാബയെ അല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്. നാശമാകാൻ പോകുന്ന സാധനത്തെ എന്ത് ഓർമ്മിക്കാനാണ്. ഇവിടെയാണെങ്കിൽ ആരെങ്കിലും മരിച്ചാൽ 2–4 വർഷങ്ങളോളം അവരെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പാട്ടു പാടിക്കൊണ്ടിരിക്കും. ഇപ്പോൾ ബാബ സന്മുഖത്ത് പറയുന്നു കുട്ടികളേ എന്നെ ഓർമ്മിക്കു. ആര് എത്രത്തോളം സ്നേഹത്തോടെ ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പാപം മുറിയും. വളരെ അധികം സമ്പാദ്യം ഉണ്ടാകും. അതിരാവിലെ ഉണർന്ന് ബാബയെ ഓർമ്മിക്കൂ. ഭക്തിയും മനുഷ്യർ അതിരാവിലെ എഴുന്നേറ്റാണ് ചെയ്യുന്നത്. നിങ്ങളാണെങ്കിൽ ജ്ഞാനമുള്ളവരാണ്. നിങ്ങൾ പഴയ ലോകത്തിലെ ചപ്പുചവറുകളിൽ പോയിപ്പെടരുത്. എന്നാൽ ചില കുട്ടികൾ ഇങ്ങനെ കുടുങ്ങുന്നു കാര്യം ചോദിക്കുകയേ വേണ്ട. അഴുക്കിൽ നിന്നും പുറത്തുവരുന്നില്ല. മുഴുവൻ ദിവസവും വ്യർത്ഥം തന്നെ സംസാരിച്ചുകൊണ്ടിരിക്കും. ജ്ഞാനത്തിന്റെ കാര്യങ്ങൾ ബുദ്ധിയിൽ വരുന്നതേയില്ല. മുഴുവൻ ദിവസവും സേവന കാര്യങ്ങളിൽ ഓടി നടക്കുന്ന കുട്ടികളുമുണ്ട്. ആരാണോ ബാബയുടെ സേവനം ചെയ്യുന്നത് അവരെയാണ് ഓർമ്മ വരുക. ഈ സമയത്ത് ഏറ്റവും കൂടുതൽ സേവനത്തിൽ താൽപര്യമുള്ള മനോഹറിനെ കാണാൻ കഴിയുന്നുണ്ട്. ഇന്ന് കർനാലിലേയ്ക്ക് പോകുന്നു, നാളെ വേറെ എവിടെയെങ്കിലുമായിരിക്കും, സേവനത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. ആരാണോ പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നത് അവരെന്ത് സേവനം ചെയ്യും! ബാബയ്ക്ക് ആരെയാണ് ഇഷ്ടപ്പെടുക? ആരാണോ നല്ലരീതിയിൽ സേവനം ചെയ്യുന്നത്. രാവും പകലും സേവനത്തിന്റെ തന്നെ ചിന്തയായിരിക്കും. ബാബയുടെ ഹൃദയത്തിൽ കയറുന്നതും അവർ തന്നെയാണ്. മിനിറ്റിന് മിനിറ്റിന് ഇങ്ങനെയുള്ള ഗീതങ്ങൾ കേട്ടുകൊണ്ടിരിക്കൂ എന്നാലും ഓർമ്മയുണ്ടാകും, കുറച്ച് ലഹരി കയറും. ബാബ പറഞ്ഞിട്ടുണ്ട്, ഏതെങ്കിലും സമയത്ത് ആർക്കെങ്കിലും ക്ഷീണം തോന്നുകയാണെങ്കിൽ റെക്കോർഡ് വെയ്ക്കൂ അപ്പോൾ സന്തോഷം വരും. ആഹാ! നമ്മൾ വിശ്വത്തിന്റെ അധികാരിയാവുകയാണ്. ബാബ ഇത്രമാത്രമേ പറയുന്നുള്ളു എന്നെ ഓർമ്മിക്കു. എത്ര സഹജമായ പഠിപ്പാണ്. നല്ല നല്ല 10 –12 റെക്കോർഡുകൾ എല്ലാവരുടേയും കൈയ്യിൽ വേണം എന്നുപറഞ്ഞ് ബാബ ചാർട്ട് ഉണ്ടാക്കിയിരുന്നു. പക്ഷേ എന്നിട്ടും മറന്നുപോകുന്നു. ചിലരാണെങ്കിൽ മുന്നോട്ട് പോകവേ പഠിപ്പ് ഉപേക്ഷിക്കുന്നു. മായ യുദ്ധം ചെയ്യുന്നു. തമോപ്രധാനമായ ബുദ്ധിയെ സതോപ്രധാനമാക്കാനായി ബാബ എത്ര സഹജമായ യുക്തിയാണ് പറഞ്ഞുതരുന്നത്. ഇപ്പോൾ നിങ്ങൾക്ക് ശരിയും തെറ്റും തിരിച്ചറിയുന്നതിനുള്ള ബുദ്ധി ലഭിച്ചു. അല്ലയോ പതിത പാവനാ വരൂ എന്നുപറഞ്ഞ് വിളിക്കുന്നതും ബാബയെത്തന്നെയാണ്. ഇപ്പോൾ ബാബ വന്നിരിക്കുന്നുവെങ്കിൽ പാവനമാകേണ്ടേ. നിങ്ങളുടെ ശിരസ്സിൽ ജന്മ ജന്മാന്തരങ്ങളിലെ ഭാരമുണ്ട്, അതിനാൽ എത്ര ഓർമ്മിക്കുന്നുവോ, പവിത്രമാകുന്നുവോ അത്രത്തോളം സന്തോഷവും ഉണ്ടാകും. തീർച്ചയായും സേവനം ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എങ്കിലും തന്റെ കണക്ക് വെയ്ക്കണം. ഞാൻ ബാബയെ എത്ര സമയം ഓർമ്മിച്ചു. ഓർമ്മയുടെ ചാർട്ട് ആർക്കും വെയ്ക്കാൻ സാധിക്കില്ല. പോയിന്റ്സ് എല്ലാം എഴുതുന്നുണ്ട് പക്ഷേ ഓർമ്മയുടെ കാര്യം മറന്നുപോകുന്നു. ബാബ പറയുന്നു നിങ്ങൾ ഓർമ്മയിൽ ഇരുന്ന് പ്രഭാഷണം ചെയ്യുകയാണെങ്കിൽ വളരെ അധികം ബലം ലഭിക്കും. ഇല്ലെങ്കിൽ ബാബ പറയും ഞാൻ തന്നെ വന്ന് വളരെപ്പേരെ സഹായിക്കുന്നു. ആരിലെങ്കിലും പ്രവേശിച്ച് ഞാൻ ചെന്ന് സേവനം ചെയ്യുന്നു. സേവനം ചെയ്യുകതന്നെ വേണമല്ലോ. ആരുടെ ഭാഗ്യമാണ് തുറക്കാനുള്ളത് എന്ന് നോക്കുന്നു, മനസ്സിലാക്കിക്കൊടുക്കുന്നവർക്ക് അത്ര ബുദ്ധിയില്ലെങ്കിൽ ഞാൻ പ്രവേശിച്ച് സേവനം ചെയ്യുന്നു പിന്നീട് ചിലർ എഴുതുന്നു– ബാബ തന്നെയാണ് ഈ സേവനം ചെയ്തത്. എന്നിൽ ഇത്രയും ശക്തിയില്ല, ബാബയാണ് മുരളി കേൾപ്പിച്ചത്. ചിലർക്കാണെങ്കിൽ ഞാനെന്ന അഹങ്കാരം വരും, ഞാനാണ് ഇങ്ങനെ നന്നായി മനസ്സിലാക്കിക്കൊടുത്തത്. ബാബ പറയുന്നു ഞാൻ മംഗളം ചെയ്യാനായി പ്രവേശിക്കുന്നു പിന്നീട് അവർ ബ്രാഹ്മിണിയേക്കാളും തീവ്രമായി പോകുന്നു. ഏതെങ്കിലും ബുദ്ധുവിനെ അയയ്ക്കുകയാണെങ്കിൽ ഇതിലും നന്നായി മനസ്സിലാക്കിക്കൊടുക്കാൻ എനിക്കുകഴിയും എന്നു കരുതുന്നു. ഒരു ഗുണവുമില്ല. നമ്മുടെ അവസ്ഥ ഇതിലും നല്ലതാണ്. ചിലരെല്ലാം ഹെഡായി കഴിയുമ്പോൾ വളരെയധികം ലഹരി കയറുന്നു. വളരെ ഷോ കാണിക്കുന്നു. വലിയ ആളുകളോട് പോലും നീ നീ എന്നു പറഞ്ഞ് സംസാരിക്കുന്നു. അവരെ ദേവീ–ദേവതാ എന്നു പറഞ്ഞാൽ മതി അതിൽത്തന്നെ അവർ സന്തുഷ്ടരാകുന്നു. ഇങ്ങനെയും ഒരുപാടുപേരുണ്ട്. ടീച്ചറേക്കാളും സമർത്ഥരായി വിദ്യാർത്ഥികൾ മാറുന്നു. പരീക്ഷ വിജയിച്ച ഒരാൾ മാത്രമേയുള്ളൂ, അത് ജ്ഞാനസാഗരനാണ്. ബാബയിലൂടെ നിങ്ങൾ പഠിച്ച് പിന്നീട് പഠിപ്പിക്കുന്നു. ചിലരാണെങ്കിൽ നല്ലരീതിയിൽ ധാരണ ചെയ്യും. ചിലർ മറന്നുപോകുന്നു. വലുതിലും വലിയ മുഖ്യമായ കാര്യം ഓർമ്മയുടെ യാത്രയാണ്. നമ്മുടെ വികർമ്മം എങ്ങനെ വിനാശമാകും? ചില കുട്ടികൾ ഇങ്ങനെയെല്ലാമാണ് പെരുമാറുന്നത് അത് ഈ ബാബയ്ക്കും അറിയാം ആ ബാബയ്ക്കും അറിയാം.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശിക്ഷകളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള പുരുഷാർത്ഥമാണ് മുഖ്യമായും ചെയ്യേണ്ടത്. അതിൽ മുഖ്യം ഓർമ്മയുടെ യാത്രയാണ്, ഇതിലൂടെയാണ് വികർമ്മം വിനാശമാകുന്നത്. പൈസകൊണ്ട് ചിലർ സഹായിക്കും, എന്നിട്ട് ഞാൻ ധനവാനാകും എന്ന് കരുതുന്നു, പക്ഷേ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യേണ്ടത്. ഇല്ലെങ്കിൽ ബാബയുടെ മുന്നിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ജഡ്ജിന്റെ കുട്ടി ഇങ്ങനെയുള്ള മോശമായ കർമ്മം ചെയ്താൽ ജഡ്ജിനും ലജ്ജ തോന്നില്ലേ. ബാബയും പറയും ഞാൻ ആരെയാണോ പാലിക്കുന്നത് അവർക്ക് പിന്നീട് ശിക്ഷയും നൽകും! ആ സമയത്ത് തലതാഴ്ത്തി അയ്യോ അയ്യോ എന്ന് നിലവിളിച്ചുകൊണ്ടിരിക്കും– ബാബ എത്ര മനസ്സിലാക്കിത്തന്നു, പഠിപ്പിച്ചുതന്നു, ഞാൻ ശ്രദ്ധിച്ചില്ല. ബാബയോടൊപ്പം ധർമ്മരാജനും ഉണ്ടല്ലോ. ബാബയ്ക്ക് ജാതകം അറിയാം. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലിൽ കണ്ടുകൊണ്ടിരിക്കുകയാണ്. 10 വർഷം പവിത്രമായി ജീവിച്ചു, പെട്ടെന്ന് മായ ഇങ്ങനെ പിടിച്ചു, സമ്പാദ്യം ഇല്ലാതാക്കി, പതിതമായി മാറി. ഇങ്ങനെ ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. ഒരുപാടുപേർ വീഴുന്നുണ്ട്. മായയുടെ കൊടുങ്കാറ്റിനെ ദിവസം മുഴുവൻ ഭയക്കുന്നു പിന്നീട് ബാബയെത്തന്നെ മറന്നുപോകുന്നു. ബാബയിൽ നിന്നും നമുക്ക് പരിധിയില്ലാത്ത സാമ്രാജ്യം ലഭിക്കുന്നു എന്ന സന്തോഷം ഉണ്ടാകുന്നില്ല. കാമത്തിനു പിറകെ മോഹവുമുണ്ട്. ഇതിൽ നഷ്ടോമോഹയാവണം. പതിതരിൽ എന്തുമനസ്സ് വെയ്ക്കാനാണ്. ബാക്കി, ഈ ചിന്തയുണ്ടായിരിക്കണം– ഇവർക്കും എനിക്ക് ബാബയുടെ പരിചയം നൽകി ഉയർത്തണം. ഇവരെ എങ്ങനെ ശിവാലയത്തിന് യോഗ്യരാക്കി മാറ്റും. ഉള്ളിൽ ഈ യുക്തികൾ രചിക്കൂ. മോഹത്തിന്റെ കാര്യമില്ല. എത്ര സ്നേഹമുള്ള ബന്ധുവായാലും ശരി, അവർക്കും മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കൂ. ആരോടും ആഴത്തിലുള്ള സ്നേഹത്തിന്റെ ചരടിന്റെ ബന്ധനമുണ്ടാകരുത്. അല്ലെങ്കിൽ പരിവർത്തനപ്പെടില്ല. ദയാഹൃദയരാവണം. സ്വയത്തിലും ദയ കാണിക്കണം ഒപ്പം മറ്റുള്ളവരിലും ദയ കാണിക്കണം. ബാബയ്ക്കും ദയ തോന്നും. ഞാൻ എത്രപേരെ തനിക്കുസമാനമാക്കി മാറ്റി എന്നു നോക്കണം. ബാബയ്ക്കും തെളിവ് നൽകണം. നാം എത്ര പേർക്ക് പരിചയം നൽകി. അതും പിന്നീട് എഴുതും– ബാബാ ഞങ്ങൾക്ക് ഇന്നയാളിലൂടെ പരിചയം വളരെ നന്നായി ലഭിച്ചു. ബാബയുടെ പക്കലേയ്ക്ക് തെളിവ് എത്തണം അപ്പോൾ ബാബയും കരുതും ശരിയാണ്, ഇവർ സേവനം ചെയ്യുന്നുണ്ട്. ബാബയ്ക്ക് എഴുതണം ബാബാ ഇന്ന ബ്രാഹ്മിണി വളരെ സമർത്ഥയാണ്. വളരെ നല്ല സേവനം ചെയ്യുന്നുണ്ട്, ഞങ്ങളെ നന്നായി പഠിപ്പിക്കുന്നുണ്ട്. യോഗത്തിൽ കുട്ടികൾ തോറ്റുപോകുന്നു. ഓർമ്മിക്കുന്നതിനുള്ള ബുദ്ധിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഭക്ഷണം കഴിക്കുകയാണെങ്കിലും ബാബയെ ഓർമ്മിച്ചുകൊണ്ട് കഴിക്കൂ. എവിടെയെങ്കിലും ചുറ്റിക്കറങ്ങാൻ പോയാൽ ശിവബാബയെ ഓർമ്മിക്കൂ. പിറുപിറുക്കരുത്. അഥവാ ഏതെങ്കിലും കാര്യത്തിന്റെ ഓർമ്മ വന്നാലും വീണ്ടും ബാബയെ ഓർമ്മിക്കു  ജോലി കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാലും ശരി വീണ്ടും ബാബയെ ഓർമ്മിക്കുന്നതിൽ മുഴുകൂ. ബാബ പറയുന്നു കർമ്മം ചെയ്തോളൂ, ഉറങ്ങുകയും ചെയ്യൂ, ഒപ്പം ഇതും ചെയ്യൂ. കുറഞ്ഞത് 8 മണിക്കൂറെങ്കിലും വരണം – ഇത് അവസാനം ഉണ്ടാകും. പതുക്കെ പതുക്കെ തന്റെ ചാർട്ട് വർദ്ധിപ്പിക്കൂ. ചിലർ എഴുതും 2 മണിക്കൂർ ഓർമ്മിച്ചെന്ന് പിന്നീട് മുന്നോട്ട് പോകവേ ചാർട്ട് കുറഞ്ഞുവരും. അതും മായ മായ്ച്ചുകളയും. മായ വളരെ സമർത്ഥനാണ്. ആരാണോ സേവനത്തിൽ മുഴുവൻ ദിവസവും ബിസിയായിരിക്കുന്നത് അവർക്കേ ഓർമ്മിക്കാനും സാധിക്കൂ. മിനിറ്റിന് മിനിറ്റിന് ബാബയുടെ പരിചയം നൽകിക്കൊണ്ടിരിക്കും. ബാബ ഓർമ്മയുടെ കാര്യത്തിൽ ഊന്നൽ നൽകുന്നു. ഓർമ്മയിലിരിക്കാൻ കഴിയുന്നില്ല എന്നത് സ്വയവും അനുഭവിക്കുന്നുണ്ട്. മായ വിഘ്നമിടുന്നതും ഓർമ്മയിലാണ്. പഠിപ്പ് വളരെ സഹജമാണ്. ബാബയിൽ നിന്ന് നമ്മൾ പഠിക്കുന്നുമുണ്ട്. എത്ര ധനം എടുക്കുന്നുവോ അത്രയും ധനികനാവും. ബാബ എല്ലാവരേയും പഠിപ്പിക്കുന്നുണ്ടല്ലോ. വാണി എല്ലായിടത്തേയ്ക്കും പോകുന്നുണ്ട്, നിങ്ങൾ മാത്രമല്ല എല്ലാവരും പഠിക്കുന്നുണ്ട്. വാണി എത്തിയില്ലെങ്കിൽ നിലവിളിക്കും. ചിലർ പിന്നെ ഇങ്ങനെയുമുണ്ട് അവർ കേൾക്കുകയേയില്ല. അങ്ങനെതന്നെ പൊയിക്കൊണ്ടിരിക്കും. മുരളി കേൾക്കുന്നതിൽ താല്പര്യം ഉണ്ടാകണം. ഗീതം എത്ര ഒന്നാന്തരമാണ്– ബാബാ ഞങ്ങൾ ഞങ്ങളുടെ സമ്പത്ത് എടുക്കാൻ വന്നതാണ്. പറയാറില്ലേ– ബാബാ, എങ്ങനെയാണോ ഏതുപോലെയാണോ എന്ത് തന്നെ കുറവുണ്ടെങ്കിലും അങ്ങയുടേതാണ്. അതുശരിയാണ് പക്ഷേ മോശമായതിൽ നിന്നും നല്ലതാവണമല്ലോ. മുഴുവൻ ആധാരവും യോഗത്തിലും പഠിപ്പിലുമാണ്.

ബാബയുടേതായി മാറിയതിനുശേഷം ഈ ചിന്ത ഓരോ കുട്ടിക്കും ഉണ്ടായിരിക്കണം അതായത് നമ്മൾ ബാബയുടേതായി മാറി അതിനാൽ സ്വർഗ്ഗത്തിലേയ്ക്ക് പോകും എന്നാൽ സ്വർഗ്ഗത്തിൽ എന്താവണം, എന്നതും ചിന്തിക്കണം. നല്ലരീതിയിൽ പഠിക്കൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. കുരങ്ങിലും കുരങ്ങായിരുന്നാൽ എന്ത് പദവി നേടും? അവിടെയും പ്രജകളും സേവകരും വേലക്കാരുമെല്ലാം ആവശ്യമാണല്ലോ. പഠിച്ചവരുടെ മുന്നിൽ പഠിക്കാത്തവർ തല കുനിക്കും. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും അധികം സുഖം നേടും. നല്ല ധനവാനായി മാറിയാൽ വളരെ അധികം അഭിമാനം

ഉണ്ടാകും. പഠിക്കുന്നവരുടെ അഭിമാനം നല്ലതായിരിക്കും. ബാബ നിർദേശം നൽകിക്കൊണ്ടിരിക്കും. ബാബയുടെ ഓർമ്മയിൽ ശാന്തിയിൽ ഇരിക്കൂ. എന്നാൽ ബാബയ്ക്ക് അറിയാം സന്മുഖത്ത് ഇരിക്കുന്നവരേക്കാൾ കൂടുതൽ ദൂരെ ഇരിക്കുന്നവർ ഓർമ്മിക്കുന്നുണ്ട്, നല്ല പദവിയും നേടും. ഭക്തിമാർഗ്ഗത്തിലും ഇങ്ങനെയുണ്ട്. ചിലരുടെ ഭക്തി ഒന്നാന്തരമായിരിക്കും അവർ ഗുരുവിനെക്കാളും ഓർമ്മിക്കും. ആരാണോ വളരെ നല്ല ഭക്തി ചെയ്തത് അവർ തന്നെയാണ് ഇവിടേയ്ക്ക് വരിക. എല്ലാവരും ഭക്തരല്ലേ. സന്യാസിമാർ വരില്ല, എല്ലാ ഭക്തരും ഭക്തി ചെയ്ത് ചെയ്ത് വരും. ബാബ എത്ര വ്യക്തമായി മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ജ്ഞാനം എടുക്കുകയാണ്, നിങ്ങൾ ഒരുപാട് ഭക്തിചെയ്തു എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു. കൂടുതൽ ഭക്തി ചെയ്തവർ കൂടുതൽ പഠിക്കും. കുറച്ച് ഭക്തി ചെയ്തവർ കുറച്ചേ പഠിക്കൂ. മുഖ്യമായ പരിശ്രമം ഓർമ്മയുടേതാണ്. ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ ഒപ്പം വളരെ മധുരമായും മാറണം. ശരി.

മധുര മധുരമായ നഷ്ടപ്പെട്ട് തിരികെ ലഭിച്ച സർവ്വീസബിളായ, സത്യസന്ധരായ, ആജ്ഞാകാരികളായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) എത്രതന്നെ സ്നേഹമുള്ള ബന്ധുവായാലും ശരി അവരിലേയ്ക്ക് മോഹത്തിന്റെ ചരട് പോകരുത്. നഷ്ടോമോഹയായി മാറണം. യുക്തിപൂർവ്വം മനസ്സിലാക്കിക്കൊടുക്കണം. തന്റെമേലും മറ്റുള്ളവരിലും ദയ കാണിക്കണം.

2) ബാബയേയും ടീച്ചറേയും വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. ലഹരിയുണ്ടാകണം ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ്, വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുകയാണ്! നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഓർമ്മയിൽ കഴിയണം, വെറുതേ പിറുപിറുത്തുകൊണ്ടിരിക്കരുത്.

### വരദാനം : അവിനാശി ആത്മീയ നിറത്തിന്റെ സത്യമായ ഹോളിയിലൂടെ ബാപ്സമാന സ്ഥിതിയുടെ അനുഭവിയായി ഭവിക്കട്ടെ.

താങ്കൾ പരമാത്മാ നിറത്തിൽ ചാർത്തപ്പെട്ട ഹോളി ആത്മാക്കളാണ്. സംഗമയുഗം ഹോളീ ജീവിതത്തിന്റെ യുഗമാണ്. എപ്പോഴാണോ അവിനാശി ആത്മീയ നിറം അണിയുന്നത്, അപ്പോൾ സദാകാലത്തേക്ക് ബാപ് സമാനമായി മാറുന്നു. അപ്പോൾ താങ്കളുടെ ഹോളിയാണ് സംഗത്തിന്റെ നിറത്തിലൂടെ ബാപ്സമാനമാകുക. ഇങ്ങനെയുള്ള പക്കാ നിറമാകണം – മറ്റുള്ളവരെയും സമാനമാക്കിയെടുക്കാനാകണം. ഓരോ ആത്മാവിനും മേൽ അവിനാശി ജ്ഞാനത്തിന്റെ നിറം, ഓർമ്മയുടെ നിറം, അനേക ശക്തികളുടെ നിറം, ഗുണങ്ങളുടെ നിറം, ശ്രേഷ്ഠ മനോവൃത്തി, ദൃഷ്ടി , ശുഭഭാവന, ശുഭകാമനയുടെ ആത്മീയ നിറം ചാർത്തൂ.

### സ്ലോഗൻ: ദൃഷ്ടിയെ അലൗകികവും മനസ്സിനെ ശീതളവും ബുദ്ധിയെ ദയാലുവും മുഖത്തെ മധുരവുമാക്കൂ.

**അവ്യക്തസൂചന : സത്യതയും സഭ്യതയും ആകുന്ന സംസ്കാരത്തെ സ്വന്തമാക്കൂ..**
സത്യതയുടെ ശക്തിസ്വരൂപമായി ലഹരിയോടെ സംസാരിക്കൂ, ലഹരിയോടെ നോക്കൂ. നാം സർവ്വശക്ത ഗവൺമെന്റിന്റെ അനുചരരാണ്. ഇതേ സ്മൃതിയിലൂടെ അയഥാർത്ഥമായതിനെ യഥാർത്ഥത്തിലേക്ക് കൊണ്ടുവരണം. സത്യത്തെ പ്രസിദ്ധമാക്കണമോ മറയ്ക്കണമോ എന്നാൽ സഭ്യതയോടുകൂടെ ആയിരിക്കണം. ലഹരി ഉണ്ടാകണം നാം ശിവന്റെ ശക്തികളാണ്. ധൈര്യമുള്ള ശക്തികൾക്ക് സർവ്വശക്തിവാൻ സഹായം.